## ഭരണപരിഷ്കാര കമ്മിഷന്റെ ആദ്യ റിപ്പോർട്ട് കൈമാറി

# വിജിലൻസ് കമ്മിഷൻ വേണം

### കള്ളപ്പരാതിക്കാർക്ക് ശിക്ഷ ഉറപ്പാക്കും

**തിരുവനന്തപുരം:** കേന്ദ്രവിജിലൻസ് കമ്മിഷൻ മാതൃകയിൽ സംസ്ഥാന വിജിലൻസ് കമ്മിഷൻ രൂപവത്കരിക്കണമെന്ന ശുപാർശയോടെ ഭരണപരിഷ്കാര കമ്മിഷന്റെ ആദ്യ റിപ്പോർട്ട് സർക്കാരിന് കൈമാറി.

സംസ്ഥാന വിജിലൻസ് കമ്മിഷനും വിജിലൻസ് ഡയറക്ടറേറ്റും രൂപവത്കരിക്കുന്നതിന് പ്രത്യേകനിയമം ആവശ്യമാണ്. ഇതിനായി സ്റ്റേറ്റ് വിജിലൻസ് കമ്മിഷൻ ആൻഡ് സ്റ്റേറ്റ് വിജിലൻസ് എസ്റ്റാബ്ലിഷ്മെന്റ് ബില്ലിന്റെ കരട് മാതൃകയും കമ്മിഷൻ സർക്കാരിന് കൈമാറി.

കമ്മിഷൻ അധ്യക്ഷൻ വി.എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രിയുടെ ചേംബറിൽ നടന്ന ചടങ്ങിൽ റിപ്പോർട്ട് മുഖ്യമന്ത്രി പിണറായി വിജയന് നൽകി. കമ്മിഷൻ അംഗം സി.പി. നായർ, മെമ്പർ സെക്രട്ടറി ഷീലാ തോമസ് എന്നിവർ പങ്കെടുത്തു. ഭരണപരിഷ്കാര കമ്മിഷൻ രൂപവത്കരിച്ച് ഒരുവർഷം പൂർത്തിയാകുന്നതിന് തൊട്ടുമുമ്പാണ് ആദ്യ റിപ്പോർട്ട് കൈമാറുന്നതെന്ന് വി.എസ്. പറഞ്ഞു.

### റിപ്പോർട്ട് ഇങ്ങനെ

- ഉദ്യോഗസ്ഥരെ കള്ളക്കേസിൽ കുടുക്കി തേജോവധം ചെയ്യുന്നത് ഒഴിവാക്കാൻ നടപടി ഉണ്ടാകുമെന്ന് കരടുനിയമം വ്യവസ്ഥ ചെയ്യുന്നു
- കള്ളപ്പരാതിക്കാരെ ശിക്ഷിക്കുന്നതടക്കമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയാകും നിയമനിർമാണം
- അഴിമതിക്കാർ എത്ര ഉന്നതരായാലും കടുത്ത ശിക്ഷ ഉറപ്പാക്കണം
- ഒന്നിലധികം അംഗങ്ങളുള്ള സ്വതന്ത്ര സംവിധാനമായാണ് വിജിലൻസ് കമ്മിഷൻ രൂപവത്കരിക്കേണ്ടത്
- ഹൈക്കോടതി ജഡ്ജി പദവയിലുള്ളതോ വിരമിച്ചതോ ആയ ന്യായാധിപൻ ആയിരിക്കണം കമ്മിഷൻ അധ്യക്ഷൻ
- ചീഫ് സെക്രട്ടറിയായി ഭരണ പരിചയമുള്ള ഒരാളും കുറ്റാന്വേഷണരംഗത്ത് ഡി.ജി.പി./എ.ഡി.ജി.പി. പദവിയിൽ പ്രവർത്തന പരിചയമുള്ള ഒരാളുമായിരിക്കും അംഗങ്ങൾ
- കമ്മിഷനെ സഹായിക്കാൻ ഐ.ജി. തലത്തിലുള്ള അന്വേഷണോദ്യോഗസ്ഥനും നിയമോപദേശം നൽകുന്നതിന് സ്പെഷ്യൽ അറ്റോർണി പദവിയിലുള്ള മറ്റൊരു ഉദ്യോഗസ്ഥനുമുണ്ടാകും
- പ്രത്യേക സമിതിയായിരിക്കും അംഗങ്ങളെ തിരഞ്ഞെടുക്കുക.
- നിലവിലുള്ള വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ ആയിരിക്കും നിർദിഷ്ട വിജിലൻസ് സംവിധാനം. അതിന് കമ്മിഷന്റെ മേൽനോട്ടമുണ്ടാകും
- വിജിലൻസ് സംവിധാനത്തിന് സി.ബി.ഐ. മാതൃകയിൽ സ്റ്റാറ്റ്യൂട്ടറി അധികാരവും സംരക്ഷണവും ഉണ്ടാകണം

മാതൃഭൂമി Fri, 18 August 2017
digitalpaper.mathrubhumi.com/c/21418024